# ജി എൽ പി എസ് നീലേശ്വരം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2026-2027

## സ്കൂൾ തലം

# ആമുഖം

വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ഘട്ടം കേവലം അക്ഷരവിന്യാസങ്ങൾ പഠിപ്പിക്കൽ മാത്രമല്ല, മറിച്ച് ഒരു കുട്ടിയുടെ സർവതോന്മുഖമായ വ്യക്തിത്വ വികാസത്തിന് അടിത്തറയിടലാണ്. അറിവും മൂല്യങ്ങളും സർഗ്ഗാത്മകതയും ഒത്തുചേരുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ജി എൽ പി എസ് നീലേശ്വരം വർഷങ്ങളായി പ്രവർത്തിച്ചുവരുന്നത്. വൈവിധ്യമാർന്ന പഠനരീതികളിലൂടെയും നൂതനമായ പ്രവർത്തനങ്ങളിലൂടെയും പൊതുവിദ്യാഭ്യാസ രംഗത്ത് തനതായ ഒരു മുദ്ര പതിപ്പിക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

മാറിക്കൊണ്ടിരിക്കുന്ന ആധുനിക സാമൂഹിക-ശാസ്ത്രീയ സാഹചര്യങ്ങൾക്ക് അനുസൃതമായി കുട്ടികളുടെ ആത്മവിശ്വാസവും ആശയവിനിമയ ശേഷിയും വർദ്ധിപ്പിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. കളികളിലൂടെയുള്ള പഠനം കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനങ്ങൾ, നാടകീകരണങ്ങൾ (Roleplay) എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സഹജമായ കഴിവുകളെ തൊട്ടുണർത്താൻ ഞങ്ങൾ ശ്രമിക്കുന്നു. ഇതിനോടൊപ്പം തന്നെ, കുട്ടികളിൽ പാരിസ്ഥിതിക അവബോധം വളർത്തുന്ന 'ഹരിതവിദ്യാലയം' പദ്ധതികൾ, കണ്ടൽ വന പാഠങ്ങൾ  കൃഷി പാഠങ്ങൾ, സീഡ് ഇക്കോ ക്ലബ്ബുകൾ ,തദ്ദേശീയ ഉത്പന്ന നിർമാണം പഠനയാത്ര ,ദിനാചരണങ്ങൾ എന്നിവയിലൂടെ ജീവിതഗന്ധിയായ പ്രായോഗിക വിദ്യാഭ്യാസം നൽകാനും വിദ്യാലയം പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാന തലത്തിൽ 'ഹരിതവിദ്യാലയം റിയാലിറ്റി ഷോയിൽ' കൈവരിച്ച മികച്ച നേട്ടങ്ങൾ ഈ ദിശയിലുള്ള ഞങ്ങളുടെ കൂട്ടായ പരിശ്രമത്തിന്റെ തെളിവാണ്.

ഓരോ കുട്ടിയുടെയും സവിശേഷമായ പഠനശേഷികളെ തിരിച്ചറിഞ്ഞ് അവർക്ക് അനുയോജ്യമായ രീതിയിൽ പിന്തുണ നൽകുന്ന 'വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ' (Individual Educational Plans) അടിസ്ഥാനമാക്കിയാണ് നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക കരുതലും, മുന്നിൽ നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ വളരാനുള്ള അവസരങ്ങളും ഇതിലൂടെ ഉറപ്പു വരുത്തുന്നു.

പി.ടി.എ (PTA), എസ്.എം.സി (SMC), പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ കാതലായ പിന്തുണയും അധ്യാപകരുടെ ആത്മാർത്ഥമായ സേവനവുമാണ് ഈ വിദ്യാലയത്തിന്റെ കരുത്ത്. ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിനൊപ്പം ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും തുല്യമായി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, വരും വർഷങ്ങളിൽ നടപ്പിലാക്കേണ്ട സമഗ്രമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഒരു ദൂരക്കാഴ്ചയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

## ദർശനം (Vision)

"കളികളിലൂടെയും നൂതന പഠനരീതികളിലൂടെയും ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകളെ തൊട്ടുണർത്തി, ആശയവിനിമയ ശേഷിയും പാരിസ്ഥിതിക അവബോധവുമുള്ള പ്രബുദ്ധരും സുസ്ഥിര ചിന്താഗതിയുള്ളവരുമായ ഒരു മാതൃകാ തലമുറയെ വാർത്തെടുക്കുക."

## ദൗത്യം (Mission)

- നമ്മുടെ ലക്ഷ്യങ്ങൾ പ്രായോഗികമാക്കുന്നതിനായി 2026-27 അക്കാദമിക് വർഷത്തിൽ വിദ്യാലയം താഴെ പറയുന്ന ദൗത്യങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നു:
- വ്യക്തിഗത മികവ് ഉറപ്പാക്കൽ: ഓരോ കുട്ടിയുടെയും വ്യത്യസ്തമായ പഠന നിലവാരവും സവിശേഷതകളും തിരിച്ചറിഞ്ഞ്, 'വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ' (Individual Educational Plans) കൃത്യമായി നടപ്പിലാക്കുക വഴി എല്ലാവർക്കും തുല്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക.
- ആശയവിനിമയ ശേഷി വികസനം: കുട്ടികളുടെ ആത്മവിശ്വാസവും ഭാഷാവിനിമയ ശേഷിയും വർദ്ധിപ്പിക്കുന്നതിനായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനങ്ങൾക്കും നാടകീകരണങ്ങൾക്കും (Roleplay) പ്രത്യേക ഊന്നൽ നൽകുക.
- ആനന്ദകരമായ പഠനാന്തരീക്ഷം: പ്രാഥമിക വിദ്യാഭ്യാസ ഘട്ടത്തിൽ കുട്ടികളിൽ പഠനഭാരം ലഘൂകരിച്ച്, 'കളികളിലൂടെയുള്ള പഠനം' (Learning through play) കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ പ്രാവർത്തികമാക്കുക.
- കൂട്ടായ്മയിലൂടെയുള്ള പുരോഗതി: അധ്യാപകരുടെ ആത്മാർത്ഥമായ സേവനത്തോടൊപ്പം പി.ടി.എ (PTA), എസ്.എം.സി (SMC), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തി വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ വളർച്ച ദ്രുതഗതിയിലാക്കുക.
- കുട്ടികളുടെ വായന, എഴുത്ത്, ഗണിതശേഷികൾ നൂറു ശതമാനം ഉറപ്പാക്കുക. കായിക-ശാസ്ത്ര-കലാമേളകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
- ഐ.സി.ടി, എ.ഐ സാങ്കേതികവിദ്യകൾ ക്ലാസ് റൂമുകളിൽ പ്രായോഗികമാക്കുക.

## നിലവിലെ അക്കാദമിക് അവസ്ഥ (Current Academic Status)

നേട്ടങ്ങൾ (Strengths & Achievements)

- സംസ്ഥാനതല ഹരിതവിദ്യാലയം റിയാലിറ്റി ഷോയിൽ (സീസൺ 4) പ്രൈമറി വിഭാഗത്തിൽ രണ്ടാം സ്ഥാനം.
- ഉപജില്ലാ തലത്തിൽ കലോത്സവം, കായികമേള, ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര-പ്രവൃത്തിപരിചയ മേളകളിൽ മികച്ച മുന്നേറ്റം/ചാമ്പ്യൻഷിപ്പ്.
- മികച്ച രീതിയിൽ പ്രവർത്തിക്കുന്ന 29 എൽ.എസ്.എസ് (LSS) വിജയികളുടെ ശക്തമായ അടിത്തറ.
- സജീവമായ പി.ടി.എ (PTA), എസ്.എം.സി (SMC) പിന്തുണ.

## വെല്ലുവിളികൾ (Academic Challenges)

- ചില കുട്ടികളിൽ കാണുന്ന പഠനപിന്നാക്കാവസ്ഥയും അക്ഷരങ്ങൾ തിരിച്ചറിയുന്നതിലുള്ള പ്രയാസവും.
- അടിസ്ഥാന ഗണിതക്രിയകളിലെ (കൂട്ടൽ, കുറയ്ക്കൽ, ഗുണനം) വേഗതക്കുറവ്.
- ലൈബ്രറി, ശാസ്ത്ര ലാബ്, ഐ.ടി ലാബ് എന്നിവയുടെ ദൈനംദിന അക്കാദമിക് പ്രവർത്തനങ്ങളിലുള്ള ഉപയോഗം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.
- **100%** വായനാക്ഷമത: എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ നന്നായി വായിക്കാനും എഴുതാനും പ്രാപ്തി നേടിക്കൊടുക്കുക.
- ഗണിത മധുരം: അടിസ്ഥാന ഗണിതക്രിയകൾ എളുപ്പത്തിൽ ചെയ്യാനുള്ള ശേഷി വളർത്തുക.
- LSS വിജയം: കുറഞ്ഞത് 35-ൽ കൂടുതൽ കുട്ടികൾക്ക് എൽ.എസ്.എസ് സ്കോളർഷിപ്പ് ഉറപ്പാക്കുക.
- ഡിജിറ്റൽ ക്ലാസ്സ് റൂം: ഐ.ടി, എ.ഐ (AI) സാങ്കേതികവിദ്യകൾ പ്രൈമറി തലത്തിൽ ഫലപ്രദമായി വിനിയോഗിക്കുക.
- കുട്ടികൾക്ക് പൊതുവേ മാതൃഭാഷയിൽ ആശയങ്ങൾ വ്യക്തമായി പ്രകടിപ്പിക്കാൻ സാധിക്കുന്നുണ്ടെങ്കിലും, ഇംഗ്ലീഷ് തുടങ്ങിയ ഇതര ഭാഷകളിൽ സംസാരിക്കാനും സങ്കോചമില്ലാതെ ആശയവിനിമയം നടത്താനും മടി കാണിക്കുന്നു.
- കോവിഡിന് ശേഷമുള്ള സാഹചര്യങ്ങളിൽ കുട്ടികളിൽ മൊബൈൽ ഫോൺ, ടിവി എന്നിവയുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. ഇത് കുട്ടികളുടെ

ശ്രദ്ധാകേന്ദ്രീകരണത്തെയും (Attention Span) വായനാശീലത്തെയും പ്രതികൂലമായി ബാധിക്കുന്നു.

- വീടുകളിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം കാരണം പല കുട്ടികളും ക്ലാസ് മുറികളിൽ സജീവമായി ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രയാസപ്പെടുന്നുണ്ട്.
- രക്ഷിതാക്കളുടെ ജോലിത്തിരക്കുകളും വിദ്യാഭ്യാസ നിലവാരവും കാരണം സ്കൂളിൽ നൽകുന്ന പഠനപ്രവർത്തനങ്ങൾക്ക് വീടുകളിൽ അനുബന്ധമായി നൽകേണ്ട പിന്തുണ (Parental Support) പലപ്പോഴും പൂർണ്ണമായ തോതിൽ ലഭിക്കുന്നില്ല

## ക്ലാസ്സ് അടിസ്ഥാനമാക്കിയുള്ള പ്രവർത്തന പദ്ധതി (Class-wise Action Plan

| ക്ലാസ്സ് | പ്രധാന ലക്ഷ്യം | നടപ്പാക്കുന്ന രീതി | കാലയളവ് /ചുമതല |
|---|---|---|---|
| ഒന്നാം ക്ലാസ്സ് | അക്ഷരമാല, ലളിത പദങ്ങൾ, സാമൂഹികവൽക്കരണം | **അക്ഷരക്കളം (Floor Ludo)**: ക്ലാസ് മുറികളിലോ സ്കൂൾ മുറ്റത്തോ അക്ഷരങ്ങൾ വരച്ചിട്ട് കളികളിലൂടെ (Learning through play) കുട്ടികളെ അക്ഷരങ്ങൾ തിരിച്ചറിയാൻ സഹായിക്കുക.<br>**അക്ഷരച്ചെപ്പ്** : ഓരോ കുട്ടിയും വീട്ടിൽ നിന്നും അക്ഷര കാർഡുകൾ നിർമ്മിച്ച് സ്കൂളിൽ കൊണ്ടുവരുന്നു. ഇത് ഉപയോഗിച്ച് ദിവസവും അക്ഷരങ്ങൾ കൂട്ടിവായിക്കുന്ന കളി.പാട്ടിലൂടെ അക്ഷരം: അക്ഷരമാല ഈണത്തിൽ പാടിപ്പഠിപ്പിക്കുന്ന ഓഡിയോ/വീഡിയോ മാതൃകകൾ ക്ലാസ് മുറികളിൽ സ്ഥിരമായി ഉപയോഗിക്കുക..<br>ലളിത പദ പരിചയം (Word Building<br>**പദക്കൂട്ടം** : ക്ലാസ് | ജൂൺ-മാർച്ച്<br><br>ക്ലാസ്സ് അധ്യാപിക |

| | | | |
|---|---|---|---|
| | | മുറിയിൽ ഒരു 'വാക്ക് മരം' സ്ഥാപിക്കുക. കുട്ടികൾ ദിവസവും പഠിക്കുന്ന പുതിയ രണ്ട് ലളിത പദങ്ങൾ ഇതിൽ എഴുതി തൂക്കുന്നു.<br>**ചിത്രവും വാക്കും :**<br>ചിത്രങ്ങൾ നോക്കി അതിന് താഴെ അനുയോജ്യമായ പദങ്ങൾ (മലയാളത്തിലും ഇംഗ്ലീഷിലും) എഴുതാനുള്ള കാർഡുകൾ നിർമ്മിച്ച് പരിശീലനം നൽകുക.<br>**<u>നിമിഷക്കഥകൾ:</u>** പഠിച്ച ലളിത പദങ്ങൾ മാത്രം ഉപയോഗിച്ച് കുട്ടികളെക്കൊണ്ട് ചെറിയ വാക്യങ്ങൾ പറയിപ്പിക്കുകയും എഴുതിക്കുകയും ചെയ്യുക<br>**<u>നാടകീകരണവും റോൾപ്ലേയും :</u>**<br>കുട്ടികളിലെ സങ്കോചം മാറ്റാൻ ക്ലാസ് മുറികളിൽ ചെറുസംഭാഷണങ്ങൾ നാടക രൂപത്തിൽ അവതരിപ്പിക്കുക. | |
| രണ്ടാം ക്ലാസ്സ് | വായനാ ഒഴുക്ക്, ലളിതമായ കൂട്ടലും കുറയ്ക്കലും | **<u>അക്ഷരക്കൂട്ടുകാരും വായനാ ചങ്ങാതിയും</u>**<br>ക്ലാസിലെ ഒഴുക്കോടെ വായിക്കുന്ന ഒരു കുട്ടിയെയും കൂടുതൽ ശ്രദ്ധ ആവശ്യമുള്ള ഒരു കുട്ടിയെയും തമ്മിൽ ജോഡിയാക്കി 'വായനാ ചങ്ങാതിമാർ' ആക്കുക.ദിവസവും രാവിലെ ക്ലാസ് ആരംഭിക്കുന്നതിന് മുൻപുള്ള 10 മിനിറ്റ് ചങ്ങാതിമാർ ഒരുമിച്ചിരുന്ന് ചെറിയ കഥാപുസ്തകങ്ങളോ കാർഡുകളോ വായിക്കും. ഇത് കുട്ടികളുടെ സങ്കോചം | ജൂൺ-മാർച്ച്<br><br>ക്ലാസ്സ് അധ്യാപിക |

| | | | |
|---|---|---|---|
| | | മാറ്റും.<br><br><br>**വായനാ കാർഡുകളും നിമിഷ വായനയും** :ആകർഷകമായ ചിത്രങ്ങളുള്ള വലിയ അക്ഷരങ്ങളിലുള്ള ലഘുവാക്യങ്ങൾ അടങ്ങിയ കാർഡുകൾ തയ്യാറാക്കുക.ഒരു മിനിറ്റിൽ എത്ര വാക്കുകൾ ഒഴുക്കോടെ വായിക്കാൻ കഴിയുന്നു എന്ന് നോക്കുന്ന 'സ്റ്റോപ്പ് വാച്ച് വായന' ഒരു കളിയായി സംഘടിപ്പിക്കുക. ഇത് വായനയുടെ ഒഴുക്ക് (Fluency) കൂട്ടും.<br>**വാർത്താ നേരം' ജൂനിയർ** സ്കൂളിലെ വർത്തമാനങ്ങളോ ചെറിയ കഥകളോ രണ്ടാം ക്ലാസിലെ കുട്ടികളെക്കൊണ്ട് ക്ലാസ് മുറിയിൽ 'വാർത്താ അവതരണം' പോലെ വായിപ്പിച്ചു ശീലിപ്പിക്കുക. മൈക്ക് മാതൃകകൾ ഉപയോഗിക്കുന്നത് കുട്ടികളിൽ വായനയോട് വലിയ താല്പര്യമുണ്ടാക്കും.<br>**നാടക വായന** :കഥാപാത്രങ്ങളുള്ള ലളിതമായ കഥകൾ തിരഞ്ഞെടുക്കുക. ഓരോ കുട്ടിക്കും ഓരോ കഥാപാത്രത്തിന്റെ സംഭാഷണം നൽകി, ശബ്ദവ്യതിയാനത്തോടെയും ഭാവത്തോടെയും വായിക്കാൻ പരിശീലനം നൽകുക.<br>**മുത്തുമാലയും സ്റ്റിക്കുകളും**<br>കൂട്ടൽ: കണക്കുപെട്ടിയിലെ ഐസ്ക്രീം സ്റ്റിക്കുകൾ ഉപയോഗിച്ച് പത്തിന്റെ കെട്ടുകളും ഒറ്റകളും ഉണ്ടാക്കാൻ പഠിപ്പിക്കുക. ഉദാഹരണത്തിന്: 14 + 5 | |
| രണ്ടാം ക്ലാസ്സ് | വായനാ ഒഴുക്ക്, ലളിതമായ കൂട്ടലും കുറയ്ക്കലും | | |

| | | | | |
|---|---|---|---|---|
| | | ചെയ്യാൻ, 1 പത്തിന്റെ കെട്ടും 4 ഒറ്റ സ്റ്റിക്കും എടുത്ത്, അതിലേക്ക് 5 സ്റ്റിക്ക് കൂടി<br><br>ചേർത്ത് എണ്ണുക.<br>**കുറയ്ക്കൽ:** ഉള്ള സ്റ്റിക്കുകളിൽ നിന്നും ആവശ്യമായവ പെട്ടിയിലേക്ക് തിരികെ മാറ്റിവെച്ച് കുറയ്ക്കൽ പ്രക്രിയ നേരിട്ട് ബോധ്യപ്പെടുത്തുക.<br>**കണക്കു കച്ചവടം** ക്ലാസ് മുറിയിൽ ഒരു ചെറിയ 'മിഠായിക്കട'യോ 'സ്റ്റേഷനറി കട'യോ<br>സജ്ജീകരിക്കുക.കണക്കുപെട്ടിയിലെ ഡമ്മി നോട്ടുകളും നാണയങ്ങളും ഉപയോഗിച്ച് കുട്ടികൾ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു."10 രൂപ തന്നിട്ട് 4 രൂപയുടെ മിഠായി വാങ്ങിയാൽ ബാക്കി എത്ര?" എന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വഴി കൂട്ടലും കുറയ്ക്കലും പ്രായോഗിക ജീവിതവുമായി ബന്ധിപ്പിക്കുന്നു (Learning through play).<br>**പാമ്പും കോണിയും ഗണിതക്കളി** (Maths Board Game):<br>കണക്കുപെട്ടിയിൽ ഒരു പ്രത്യേക ബോർഡും രണ്ട് പകിടകളും (Dices) ഉണ്ടായിരിക്കും. രണ്ട് പകിടകൾ ഒരുമിച്ചിടുമ്പോൾ കിട്ടുന്ന സംഖ്യകൾ കൂട്ടി അത്രയും കള്ളികൾ മുന്നോട്ട് നീങ്ങണം. മറ്റൊരു കളിയിൽ കിട്ടുന്ന വലിയ സംഖ്യയിൽ നിന്ന് ചെറിയ സംഖ്യ കുറച്ച് അത്രയും കള്ളികൾ നീങ്ങണം. | |
| മൂന്നാം | സ്വതന്ത്ര രചന, | ദിവസവും രാത്രി ഉറങ്ങുന്നതിന് മുൻപ് | |

| | | | |
|---|---|---|---|
| ക്ലാസ്സ് | ഇംഗ്ലീഷ് സംഭാഷണം, ഗുണനപ്പട്ടിക । | അന്ന് തങ്ങൾക്ക് ഏറ്റവും സന്തോഷം നൽകിയ അല്ലെങ്കിൽ സങ്കടം തോന്നിയ ഒരു<br><br>കാര്യത്തെക്കുറിച്ച് 3 മുതൽ 5 വരികൾ കുട്ടികൾ സ്വന്തമായി മലയാളത്തിലോ ഇംഗ്ലീഷിലോ ഡയറിയിൽ എഴുതുന്നു. (വ്യാകരണ തെറ്റുകൾ നോക്കാതെ എഴുതാൻ പ്രോത്സാഹിപ്പിക്കുക).<br>**ചിത്ര ഡയറി** (Picture to Story):<br>ആഴ്ചയിലൊരിക്കൽ അധ്യാപകൻ ഒരു ചിത്രം (ഉദാഹരണത്തിന്: മഴയത്ത് കുടപിടിച്ചു പോകുന്ന കുട്ടി, കാക്കയും പശുവും) ബോർഡിൽ നൽകുന്നു. കുട്ടികൾ ആ ദമാക്കി തങ്ങളുടെ ഡയറിയിൽ സ്വന്തം ഭാവനയ്ക്കനുസരിച്ച് ഒരു ലഘുകഥയോ വിവരണമോ എഴുതുന്നു.<br>ഡയറി വായനയും പുരസ്കാരവും:<br>എല്ലാ വെള്ളിയാഴ്ചകളിലും ക്ലാസിലെ 'ഡയറി വായനാ കൂട്ടായ്മ' നടക്കും. തങ്ങൾ എഴുതിയതിൽ മികച്ച ഒരു പേജ് കുട്ടികൾ ക്ലാസിൽ വായിക്കും. ഏറ്റവും മികച്ച സർഗ്ഗാത്മക ഡയറി കുറിപ്പുകൾ എഴുതുന്ന കുട്ടിയെ 'മാസ്റ്റർ റൈറ്റർ' ആയി പ്രഖ്യാപിക്കും.<br>**ഇംഗ്ലീഷ് തിയേറ്റർ**<br>ലക്ഷ്യം: സ്റ്റേജ് ഭയം പൂർണ്ണമായി മാറ്റി, ദൈനംദിന സാഹചര്യങ്ങളിൽ ലളിതമായ ഇംഗ്ലീഷ് സംഭാഷണങ്ങൾ ആത്മവിശ്വാസത്തോടെ പ്രയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.<br>പ്രവർത്തനങ്ങൾ: | |

| | | | | |
|---|---|---|---|---|
| | | റോൾപ്ലേ തീയേറ്റർ :ക്ലാസ് മുറിയെ ഒരു ചെറിയ തിയേറ്റർ ആക്കി മാറ്റുന്നു.<br><br>ദൈനംദിന ജീവിതത്തിലെ സാഹചര്യങ്ങൾ കുട്ടികൾ ഇംഗ്ലീഷ് സംഭാഷണങ്ങളിലൂടെ അഭിനയിച്ചു ഫലിപ്പിക്കുന്നു .സാഹചര്യങ്ങൾ (Scenarios):At the Classroom: (Asking for a pencil: "Can I take your pencil?", "Yes, sure.")At the School Vegetable Garden: (Discussing about harvesting: "Look at this big pumpkin!", "Wow! It is beautiful.")At the Market/Shop: (Buying items: "How much is this book?", "It is ten rupees.")<br>**<u>തവളച്ചാട്ടം ഗുണനക്കളി</u>** (Multiplication Grid Hop):<br>സ്കൂൾ മുറ്റത്തോ ക്ലാസ് മുറിയിലോ 1 മുതൽ 50 വരെയുള്ള സംഖ്യകൾ വലിയ കള്ളികളായി വരയ്ക്കുക.<br>അധ്യാപകൻ "3 x 4" എന്ന് പറയുമ്പോൾ, കുട്ടി 3 വീതം 4 തവണ ചാടി (3, 6, 9, 12) കൃത്യമായ ഉത്തരത്തിൽ (12) എത്തണം. ശാരീരിക പ്രവർത്തനങ്ങളിലൂടെയുള്ള ഈ കളി ഗുണനപ്പട്ടിക മനസ്സിൽ ഉറപ്പിക്കും.<br>**<u>ഡൈസ് ഗുണനം</u>** :<br>ഓരോ ഗ്രൂപ്പിനും രണ്ട് വലിയ പകിടകൾ (Dices) നൽകുന്നു. ഒരു കുട്ടി രണ്ട് പകിടകളും ഒരുമിച്ചിടുന്നു. വീഴുന്ന രണ്ട് സംഖ്യകൾ ഗുണിച്ച് (ഉദാഹരണത്തിന്: 4-ഉം 5-ഉം വീണാൽ 4 x 5 = 20) ആദ്യം ഉത്തരം പറയുന്ന കുട്ടിക്ക് പോയിന്റ് ലഭിക്കും.<br>**<u>ഗുണനചക്രം</u>** : | |

| | | | |
|---|---|---|---|
| | | കാർഡ്ബോർഡ് ഉപയോഗിച്ച് കറക്കാവുന്ന രണ്ട് ചക്രങ്ങൾ കുട്ടികൾ തന്നെ<br><br>നിർമ്മിക്കുന്നു . ചക്രം കറക്കുമ്പോൾ നേർക്കുനേർ വരുന്ന സംഖ്യകളുടെ ഗുണനഫലം കുട്ടികൾ വേഗത്തിൽ കണ്ടെത്തുന്നു.<br>**<u>കൈയടി താളം</u> :**ഓരോ ഗുണനപ്പട്ടികയ്ക്കും പ്രത്യേക താളം നൽകുക. ഉദാഹരണത്തിന് 5-ന്റെ പട്ടികയ്ക്ക്: ഒരു കൈയടി, ഒരു മേശപ്പുറത്ത് തട്ടൽ (5, 10, 15, 20...). ഈ താളബോധം കുട്ടികളെ വേഗത്തിൽ സംഖ്യകൾ ഓർത്തെടുക്കാൻ സഹായിക്കും. | |
| നാലാം ക്ലാസ്സ് | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
| | ചുറ്റുപാടുമുള്ള വിവിധ രൂപങ്ങളെ നിരീക്ഷിക്കാനും അവയുടെ സവിശേഷതകൾ തിരിച്ചറിയാനും | **രൂപങ്ങളുടെ ലോകം തിരിച്ചറിയൽ**<br>കുട്ടികൾക്ക് സുപരിചിതമായ വസ്തുക്കളിലൂടെ രൂപങ്ങളെ പരിചയപ്പെടുത്താം.<br>രൂപങ്ങളുടെ പെട്ടി: ക്ലാസ് മുറിയിലോ വീട്ടിലോ ഉള്ള വിവിധ വസ്തുക്കൾ (തീപ്പെട്ടിക്കൂട്, നാണയം, ബിസ്ക്കറ്റ്, കുടൈ, ഹാങ്ങർ) ശേഖരിക്കുക. ഇവയെ ചതുരം, സമചതുരം, വൃത്തം, ത്രികോണം എന്നിങ്ങനെ തരംതിരിക്കാൻ ആവശ്യപ്പെടാം. | ജൂൺ |
| | | **രൂപ വേട്ട :** മുറ്റത്തോ പരിസരത്തോ നടക്കുമ്പോൾ കാണുന്ന രൂപങ്ങൾ | |

| | | | |
|---|---|---|---|
| | | കണ്ടെത്തുക. ഉദാഹരണത്തിന്:<br>ചതുരം: ജനൽ, പുസ്തകം<br>സമചതുരം: തറയിലെ ടൈൽസ്<br>വൃത്തം: പൂക്കൾ, ഘടികാരം<br>ത്രികോണം: ഇലകളുടെ ആകൃതി, വീടിന്റെ മേൽക്കൂര | |
| | | **പ്രതിമാന രൂപങ്ങൾ**<br>ഒരു രൂപത്തെ കൃത്യം നടുവിലൂടെ മടക്കിയാൽ രണ്ട് ഭാഗങ്ങളും ഒരേപോലെ ഇരിക്കുന്നതിനെയാണല്ലോ പ്രതിമാന രൂപങ്ങൾ എന്ന് വിളിക്കുന്നത്.<br><br>ഇലകളുടെ മാന്ത്രികം: ചുറ്റുപാടുമുള്ള ഇലകൾ ശേഖരിക്കുക (ഉദാഹരണത്തിന് പ്ലാവിലയോ മാവിലയോ). ഇതിനെ കൃത്യം നടുവിലൂടെ മടക്കി രണ്ട് വശവും തുല്യമാണോ എന്ന് പരിശോധിക്കാം.<br>ഷി ചിത്രങ്ങൾ: ഒരു പേപ്പർ നടുവെ മടക്കുക. അതിന്റെ ഒരു വശത്ത് കുറച്ച് മഷി ഒഴിച്ച് പേപ്പർ അമർത്തുക. പേപ്പർ തുറക്കുമ്പോൾ മനോഹരമായ ഒരു പ്രതിമാന രൂപം (ഉദാ: ചിത്രശലഭം) ലഭിക്കുന്നത് കുട്ടികൾക്ക് കൗതുകകരമാകും.<br>കണ്ണാടി പ്രയോഗം: ഒരു രൂപത്തിന്റെ പകുതി ഭാഗത്ത് കണ്ണാടി വെച്ച് നോക്കിയാൽ പൂർണ്ണ രൂപം ലഭിക്കുന്നത് കാണിച്ചു കൊടുക്കാം. | |

| | | | |
|---|---|---|---|
| | **പ്രതിമാന രൂപങ്ങൾ**<br>ഒരു രൂപത്തെ കൃത്യം നടുവിലൂടെ മടക്കിയാൽ രണ്ട് ഭാഗങ്ങളും ഒരേപോലെ ഇരിക്കുന്നതിനെയാണല്ലോ പ്രതിമാന രൂപങ്ങൾ എന്ന് വിളിക്കുന്നത്.<br><br>ഇലകളുടെ മാന്ത്രികം: ചുറ്റുപാടുമുള്ള ഇലകൾ ശേഖരിക്കുക (ഉദാഹരണത്തിന് പ്ലാവിലയോ മാവിലയോ). ഇതിനെ കൃത്യം നടുവിലൂടെ മടക്കി രണ്ട് വശവും തുല്യമാണോ എന്ന് പരിശോധിക്കാം.<br>ഷി ചിത്രങ്ങൾ: ഒരു പേപ്പർ നടുവെ മടക്കുക. അതിന്റെ ഒരു വശത്ത് കുറച്ച് മഷി ഒഴിച്ച് പേപ്പർ അമർത്തുക. പേപ്പർ തുറക്കുമ്പോൾ മനോഹരമായ ഒരു പ്രതിമാന രൂപം (ഉദാ: ചിത്രശലഭം) ലഭിക്കുന്നത് കുട്ടികൾക്ക് കൗതുകകരമാകും.<br>കണ്ണാടി പ്രയോഗം: ഒരു രൂപത്തിന്റെ പകുതി ഭാഗത്ത് കണ്ണാടി വെച്ച് നോക്കിയാൽ പൂർണ്ണ രൂപം ലഭിക്കുന്നത് കാണിച്ചു കൊടുക്കാം. | | |
| | **ടാൻഗ്രാം** ഉപയോഗിച്ചുള്ള നിർമ്മാണം<br>ഏഴ് കഷണങ്ങൾ ചേർന്ന ചൈനീസ് പസിലായ ടാൻഗ്രാം ഉപയോഗിച്ച് കുട്ടികളുടെ ഭാവന വളർത്താം. | ജൂലൈ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | രൂപങ്ങൾ കൂട്ടിയിണക്കാം: ടാൻഗ്രാമിലെ ത്രികോണങ്ങളും ചതുരങ്ങളും ഉപയോഗിച്ച് വീട്, ബോട്ട്, പക്ഷികൾ, മൃഗങ്ങൾ എന്നിവ നിർമ്മിക്കാൻ നൽകുക. കഥ പറയുന്ന രൂപങ്ങൾ: കുട്ടികൾ<br><br>ഉണ്ടാക്കിയ ടാൻഗ്രാം രൂപങ്ങൾ ഉപയോഗിച്ച് ലളിതമായ ഒരു കഥ പറയാൻ അവരെ പ്രേരിപ്പിക്കുക. ഇത് അവരുടെ ക്രിയാത്മകത വർദ്ധിപ്പിക്കും. | | |
| | **മണ്ണിലെ രൂപങ്ങൾ**<br>മണ്ണിലോ മണലിലോ ഈ രൂപങ്ങൾ വരയ്ക്കാനും, ഈർക്കിലിയോ കപ്പുകളോ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കാനും ആവശ്യപ്പെടാം. ഇത് കുട്ടികൾക്ക് പ്രായോഗികമായ അറിവ് നൽകുന്നു. | | ക്ലാസ് ടീച്ചർ |
| നാലക്ക സംഖ്യകളുടെ രൂപീകരണം കുട്ടികൾക്ക് ചുറ്റുമുള്ള വസ്തുക്കളെയും വിവരങ്ങളെയും അടിസ്ഥാനമാക്ക ി സംഖ്യകൾ നിർമ്മിക്കാം. | **വിലപ്പട്ടിക നിർമ്മാണം:** നിത്യജീവിതത്തിൽ കാണുന്ന വസ്തുക്കളുടെ (ഉദാഹരണത്തിന്: സൈക്കിൾ, മൊബൈൽ ഫോൺ, കസേര, വാച്ച്) വിലകൾ ശേഖരിക്കാൻ ആവശ്യപ്പെടുക. **1000**-ത്തിന് മുകളിൽ വിലയുള്ള വസ്തുക്കൾ പട്ടികപ്പെടുത്തുന്നതിലൂടെ നാലക്ക സംഖ്യകളെ അവർക്ക് എളുപ്പത്തിൽ മനസ്സിലാക്കാം. | ആഗസ്റ്റ്- സെപ്റ്റം ബർ | ക്ലാസ് ടീച്ചർ |
| | | | |

| | | | |
|---|---|---|---|
| | **നമ്പർ കാർഡ് കളി: 0** മുതൽ **9** വരെയുള്ള അക്കങ്ങൾ എഴുതിയ കാർഡുകളിൽ നിന്ന് ഏതെങ്കിലും നാല് കാർഡുകൾ ഓരോ കുട്ടിക്കും നൽകുക. ഇവ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന ഏറ്റവും വലിയ സംഖ്യയും ഏറ്റവും ചെറിയ സംഖ്യയും കണ്ടെത്താൻ ആവശ്യപ്പെടുക.<br>**വായനശാലയിലെ പുസ്തകങ്ങൾ:** സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങളുടെ ക്രമനമ്പർ നോക്കി നാലക്ക സംഖ്യകൾ വായിക്കാനും അക്ഷരത്തിൽ എഴുതാനും പരിശീലനം നൽകാം. | | |

| | | | |
|---|---|---|---|
| Engage/ participate in communicative contextos. Such as responding to questions, instructions, directions and express thoughts and feelings | Provide opportunities to speak English class room, Conversations, games.<br>**The morning Weather Reporter**<br>.Every morning assign a student to look out the window and report.<br>Sunny/cloudy. Today is We should wear/bring umbrella.<br>**The classroom Monitor instruction.**<br>Let the student give the daily instruction please stand up"<br>**Show and Tell**<br>A student brings one item from from their bag and says three things about it.<br>**What is in the box?**<br>place a in a box-classroom object student must ask you questions to guess what it is<br>Is it small "? Can. We write with it? Is it | June-October | Class teacher |

| | | | |
|---|---|---|---|
| | made of plastic?<br>**Blind folded Artist.**<br>One child is blindfolded and holds an marker to a white board or paper. Another child gives specific directions to create mystery picture. This forces the director to be precise and the artist to listen. | | |
| Express thoughts and feelings in simple-language use variety of sentences | **Thought bubble gallery**<br>This is great visual way to distinguish between and what We do what we think Give each student a drawing of person's/siihout with large empty thought bubble Provide<br>Scenario .students draw or Write what they are thinking in the bubble-<br><br>**The feeling jar**<br>Have a Jar where children can anonymously drop a drawing or a word about something that made them feel a certain way that week. Once a week pull one out. Ask the class has anyone else felt like this? How.can we help the friend?<br>The teacher shares her daily bus travel stories and last day classroom experiences. | July December | Class teacher |
| Engage in activities by asking questions and write | Teacher paste some big pictures related with daily life situations.<br>Grocery store,Post office,restaurant,plantshop | August-January | Class teacher |

| | | | |
|---|---|---|---|
| conversation using simple sentences.Participate in roleplays.Identify proper dialogue in roleplay | Let them make some polite requessts and transactional dialogue.Each child speak atleast one sentence.Subsequently they perform a roleplay in classroom. | | |
| | **"The Storybook Courtroom"**<br>Instead of just reading a story, students act out a trial or a "talk show" featuring<br><br>characters from their lessons.<br>The Activity: One student plays a character (e.g., a "misunderstood" Big Bad Wolf), and others ask questions to understand their motives. | | |
| | **The Little Merchant"**<br>Set up a classroom "Market Day" or a "Stationery Shop."<br>The Activity: Students take turns being the shopkeeper and the customer. They must use play money to "buy" items, calculate totals, and return change. | | |
| | **The Forest Council"**<br>Teaching children about nature and conservation through personification.<br>The Activity: Assign students roles as different elements of nature—a tree, a river, a bird, and a woodcutter. They hold a meeting to discuss why the forest is | | |

| | | | |
|---|---|---|---|
| | important and how to protect it. | | |
| | **The Helpful Neighbor"**<br>Practicing real-life social interactions and safety protocols.<br>The Activity: Role-play scenarios like meeting a neighbor, asking for help if lost, or practicing telephone etiquette for emergencies. | | |
| Prepare for independet reading and writing | **The Story Map"**<br>Instead of just reading a story, students create a visual and physical representation of the narrative to improve comprehension.<br>The Task: After reading a short folk tale or picture book, students must draw a "path" on<br><br>a large sheet of paper.<br>Activity: Read: A story with a clear beginning, middle, and end.<br>Draw three "islands" representing the start, the problem, and the solution | Septrmber -March | Class teacher |
| | **The Junior Reporter"**<br>This activity boosts confidence and English/Malayalam communication skills.<br>The Task: Interviewing a school staff | | |

| | | | |
|---|---|---|---|
| | member.<br>Activity:<br>Read: A list of three simple interview questions (e.g., "What is your favorite color?", "What do you like about our school?").<br>Do: In pairs, students interview the Headmaster, a teacher, or a PTA member. They record the answers using emojis or single words.<br>Collect: A "News Report" poster featuring a photo of the interviewee and their answers. | | |
| | Create small cards with simple instructions. Hop to the door,Draw a sun) The child must read the card silenly and perform the action. | | |
| Develop the ability to appreciate English stories Poem and engage in creative writing | **Picture word jornals**<br>Every day children draw one thing they did (Eatingbreakfast,Playing with ball)Underneath they write simplesentences | | |
| | **What happen next?**<br>Point a picture.Ask the children to imagine what happrens ? Let the children write 2-3 sentences. | | |
| | **Emoji story cubes**<br>Create or use dice with simple symbols(Sun sad face,bicycle,dog)Child rolls three dice and must write tiny story that connectsbthree symbols. | | |

| | | | |
|---|---|---|---|
| Utilize technological possibilities for the development of the english language | E-CUBE ENGLISH | | |
| Vocabulary & Word Games | **Word Chains**: Start with a category (like "Animals" or "Colors"). The first person says "Apple." The next person must say a word starting with the last letter: "Elephant," then "Tiger," and so on.<br>Picture Dictation: One student describes a simple drawing (e.g., "There is a big blue house with two yellow windows and a cat on the roof") while the others try to draw it based only on the verbal instructions.<br>**Vocabulary Tree**: Create a large paper tree on the wall. Every week, students add "leaves" (paper cutouts) with a new English word they learned and its meaning. | | |

| | | | | |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുക കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രകടനം | സർഗക്കൂടാരം പരിപാടികൾ അവതരണം<br>വാർത്താനേരം വാർത്താവായന<br>കിളിക്കൊഞ്ചൽ | വർഷം മുഴവൻ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| നിരീക്ഷണം-<br>അറിവ്<br>നിർമാണം | **ജൈവവൈവിധ്യ രജിസ്റ്റർ** (Biodiversity Register)<br>കുട്ടികൾ തങ്ങളുടെ വീടിന് ചുറ്റുമുള്ള അല്ലെങ്കിൽ സ്കൂൾ വളപ്പിലെ സസ്യങ്ങളെയും ജീവജാലങ്ങളെയും | ജൂൺ-<br>ആഗസ്റ്റ് | ക്ലാസ്<br>ടീച്ചർ | |

## <u>ക്ലബ്ബുകൾ പ്രവർത്തനങ്ങൾ</u>

### സയൻസ് ക്ലബ്ബ്

- **ശാസ്ത്രദിന ആചരണം:** സി. വി. രാമൻ ജന്മദിനം (ദേശീയ ശാസ്ത്രദിനം), ക്യൂറി ദിനം എന്നിവ പ്രത്യേക അസംബ്ലികളോടെ ആഘോഷിക്കുക.
- **സയൻസ് എക്സിബിഷൻ:** സ്കൂൾ തലത്തിൽ ശാസ്ത്ര മേളകൾ സംഘടിപ്പിക്കുകയും കുട്ടികൾ നിർമ്മിച്ച വർക്കിംഗ് മോഡലുകൾ പ്രദർശിപ്പിക്കുകയും ചെയ്യുക.
- **ശാസ്ത്ര ക്വിസ് & സെമിനാർ:** സമകാലിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് ക്വിസ് മത്സരങ്ങളും ചർച്ചകളും നടത്തുക.
- **ലബോറട്ടറി സന്ദർശനം:** ശാസ്ത്ര സ്ഥാപനങ്ങളോ അടുത്തുള്ള കോളേജ് ലാബുകളോ സന്ദർശിക്കുക
- <u>**ലഘു പരീക്ഷണങ്ങൾ**</u> (Simple Experiments)**:** വീട്ടിലും പരിസരത്തും ലഭ്യമാകുന്ന വസ്തുക്കൾ (മുട്ട, നാരങ്ങ, ബലൂൺ, കുപ്പി, വെള്ളം) ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ
- <u>**ജ്യോതിശാസ്ത്ര ക്യാമ്പ്:**</u> പ്രപഞ്ചം, സൗരയൂഥം, ഗ്രഹങ്ങൾ എന്നിവയെക്കുറിച്ചുള്ള ലളിതമായ പ്രസന്റേഷൻ (PPT) അല്ലെങ്കിൽ ഡോക്യുമെന്ററി പ്രദർശനം.
- <u>**ടെലിസ്കോപ്പ് പരിചയപ്പെടൽ:**</u> ടെലിസ്കോപ്പിന്റെ പ്രവർത്തന രീതിയും അത് കൈകാര്യം ചെയ്യേണ്ട വിധവും കുട്ടികൾക്ക് വിശദീകരിച്ചു നൽകുക.

- **സ്റ്റെല്ലേറിയം (Stellarium) ആപ്പ് പരിചയപ്പെടുത്തൽ:** മൊബൈലിലോ പ്രൊജക്ടറിലോ സ്റ്റെല്ലേറിയം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അന്നത്തെ ആകാശത്തിന്റെ ഒരു മാതൃക കുട്ടികൾക്ക് കാണിച്ചു കൊടുക്കുക.

## ഗണിത ക്ലബ്ബ്

**ഗണിതശാസ്ത്ര ദിനം:** ശ്രീനിവാസ രാമാനുജന്റെ ജന്മദിനം (ദേശീയ ഗണിതദിനം) വിപുലമായി ആഘോഷിക്കുക.

- **മാത്സ് കോർണർ (Maths Corner):** ദിവസവും ഒരു ഗണിത പസിൽ അല്ലെങ്കിൽ സമസ്യ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.
- **പസിൽ & റൂബിക്സ് ക്യൂബ് മത്സരങ്ങൾ:** കുട്ടികളുടെ വേഗതയും ലോജിക്കും മാറ്റുരയ്ക്കുന്ന മത്സരങ്ങൾ സംഘടിപ്പിക്കുക.
- **ഗണിത ലാബ് നിർമ്മാണം:** പഠനം എളുപ്പമാക്കുന്ന ജ്യാമിതീയ രൂപങ്ങളും ചാർട്ടുകളും കുട്ടികളെക്കൊണ്ട് നിർമ്മിച്ച് സൂക്ഷിക്കുക.

## വിദ്യാരംഗം കലാസാഹിത്യ വേദി

**വായനാദിനാചരണം & വായനാ വാരം:** പി.എൻ. പണിക്കർ ചരമദിനവുമായി (ജൂൺ 19) ബന്ധപ്പെട്ട് വായനാ മത്സരങ്ങൾ, പുസ്തക ചർച്ചകൾ എന്നിവ നടത്തുക.

- **കയ്യെഴുത്തുമാസിക:** ക്ലാസ് അടിസ്ഥാനത്തിലും സ്കൂൾ തലത്തിലും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കയ്യെഴുത്തുമാസികകൾ തയ്യാറാക്കുക.
- **ഭാഷാ വാരാഘോഷങ്ങൾ:** കേരളപ്പിറവി (മലയാളം വാരം), എന്നിവയുമായി ബന്ധപ്പെട്ട് മത്സരങ്ങൾ സംഘടിപ്പിക്കുക.
- **കഥ കവിത അഭിനയ ക്യാമ്പ് സംഘടിപ്പിക്കുക**

## ഇക്കോ ക്ലബ്ബ്

- <u>പരിസ്ഥിതി ദിനാചരണം</u>: ജൂൺ 5-ന് സ്കൂൾ വളപ്പിലും പരിസരത്തും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക.
- <u>മാലിന്യമുക്ത കാമ്പസ്:</u> പ്ലാസ്റ്റിക് വിരുദ്ധ കാമ്പയിനുകൾ നടത്തുകയും ബയോ-ഡീഗ്രേഡബിൾ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്യുക.
- <u>ശലഭോദ്യാനവും ഔഷധസസ്യത്തോട്ടവും</u>: സ്കൂളിൽ ഒരു ഔഷധസസ്യത്തോട്ടമോ പൂന്തോട്ടമോ വെച്ചുപിടിപ്പിച്ചു പരിപാലിക്കുക.
- <u>ഊർജ്ജ സംരക്ഷണ ബോധവൽക്കരണം</u>: വൈദ്യുതി, വെള്ളം എന്നിവ പാഴാക്കാതിരിക്കാൻ ക്ലാസുകളിൽ ബോധവൽക്കരണം നൽകുക.
- <u>സ്കൂൾ പച്ചക്കറിത്തോട്ടം</u>: വിഷരഹിത പച്ചക്കറികൾ സ്കൂളിൽ തന്നെ വിളയിച്ചെടുക്കുക (ഉച്ചഭക്ഷണ പദ്ധതിക്ക് സഹായകരമാകും).
- <u>ജലസംരക്ഷണം (നാട്ടുറവകൾ)</u>: കിണർ റീചാർജിങ്, മഴവെള്ള സംഭരണം എന്നിവയെക്കുറിച്ച് പഠനങ്ങളും ഫീൽഡ് വിസിറ്റുകളും നടത്തുക.
- <u>പ്ലാസ്റ്റിക് ശേഖരണം</u>: കാമ്പസിലെ പ്ലാസ്റ്റിക് കവറുകൾ ശേഖരിച്ച് റീസൈക്ലിങ്ങിന് നൽകുക.
- <u>പരിസ്ഥിതി പത്രപ്രവർത്തനം</u>: പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് കുട്ടികൾ തന്നെ വാർത്തകളും കുറിപ്പുകളും തയ്യാറാക്കി പ്രദർശിപ്പിക്കുക.

## നല്ലപാഠം ക്ലബ്ബ്

- 
- <u>സ്നേഹപ്പൊതി പദ്ധതി:</u> കുട്ടികൾ വീട്ടിൽ നിന്ന് കൊണ്ടുവരുന്ന ഉച്ചഭക്ഷണപ്പൊതികൾ ശേഖരിച്ച് നിർധനർക്കോ ആശുപത്രികളിലോ എത്തിക്കുക.
- <u>ലഹരിവിരുദ്ധ ബോധവൽക്കരണം</u>: എക്സൈസ്/പോലീസ് വകുപ്പുകളുടെ സഹായത്തോടെ ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസുകളും തെരുവ് നാടകങ്ങളും സംഘടിപ്പിക്കുക.
- <u>റോഡ് സുരക്ഷാ ക്ലാസുകൾ</u>: ട്രാഫിക് നിയമങ്ങളെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും അവബോധം നൽകുക.

## ഇംഗ്ലീഷ് ക്ലബ്ബ് ENGLISH CONNECT

**സ്റ്റോറി ടെല്ലിങ് ക്യാമ്പ്** :വിരൽ പാവകളോ (Finger puppets) മുഖംമൂടികളോ ഉപയോഗിച്ച് കുട്ടികൾക്ക് പരിചിതമായ കഥകൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുക. കുട്ടികളെക്കൊണ്ട് ചെറിയ കഥകൾ പറയിക്കുക.

**വേഡ് മാജിക് / സ്പെൽ ബീ:** ആക്ഷൻ പാട്ടുകളിലൂടെയും (Action Songs) ഫ്ലാഷ് കാർഡുകളിലൂടെയും പുതിയ വാക്കുകൾ പരിചയപ്പെടുത്തുക. 'സ്പെൽ ബീ' (Spell Bee) മത്സരങ്ങൾ ലളിതമായ വാക്കുകൾ ഉപയോഗിച്ച് സംഘടിപ്പിക്കുക.

**ടംഗ് ട്വിസ്റ്റർ ചലഞ്ച്** "Betty bought some butter", "Ice cream, you cream" തുടങ്ങിയ ചെറിയ ടംഗ് ട്വിസ്റ്ററുകൾ വേഗത്തിൽ പറയാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു

## ഐ ടി ക്ലബ്ബ്

കുട്ടികൾക്ക് ഏറ്റവും എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന 'ടക്സ് പെയിന്റ്' (Tux Paint) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കാനും നിറം നൽകാനും പരിശീലിപ്പിക്കുക. സ്കൂൾ പരിസരവും പ്രകൃതിയും വരയ്ക്കാൻ ആവശ്യപ്പെടാം.

**ടൈപ്പിംഗ് പ്ലേ** :കീബോർഡിലെ അക്ഷരങ്ങൾ തിരിച്ചറിയാൻ 'Tux Typing' പോലുള്ള ഗെയിമുകൾ ഉപയോഗിക്കുക. കുട്ടികൾക്ക് അവരുടെ പേരും ക്ലാസും ടൈപ്പ് ചെയ്യാൻ പഠിപ്പിക്കുക.

**ഡിജിറ്റൽ സ്റ്റോറി മേക്കിങ്** : അധ്യാപകരുടെ സഹായത്തോടെ ലളിതമായ ചിത്രങ്ങൾ കമ്പ്യൂട്ടറിൽ നിരത്തി, കുട്ടികൾ പറയുന്ന കഥകൾ ഡിജിറ്റൽ രൂപത്തിലാക്കുക

ഇ-വേസ്റ്റ് ക്രാഫ്റ്റ് കേടായ മൗസ്, കീബോർഡ് കീകൾ, സി.ഡികൾ (CD) എന്നിവ ഉപയോഗിച്ച് കുട്ടികളെക്കൊണ്ട് കളിപ്പാട്ടങ്ങളും അലങ്കാരവസ്തുക്കളും നിർമ്മിപ്പിക്കുക.

## സർഗക്കൂടാരം

- കുട്ടികളുടെ ആത്മവിശ്വാസവും ആശയവിനിമയ ശേഷിയും വർദ്ധിക്കുന്നു.
- മൊബൈൽ ഫോൺ ഉപയോഗം കുറച്ച് കൂട്ടായ്മകളിലേക്ക് കുട്ടികൾ സജീവമായി കടന്നുവരുന്നു.
- പഠനം ക്ലാസ്സ് മുറികൾക്ക് പുറത്തേക്ക് വ്യാപിച്ച് കൂടുതൽ പ്രായോഗികമാകുന്നു.
- ജി.എൽ.പി.എസ്. നീലേശ്വരം സ്കൂളും പ്രാദേശിക സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാകുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളിലെ സുഷുപ്തമായിരിക്കുന്ന വിവിധ കലാ-കായിക-സാഹിത്യ പരമായ കഴിവുകളെ പ്രാദേശിക തലത്തിൽ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. | സ്കൂൾ തലത്തിൽ അധ്യാപകരുടെയും പി.ടി.എ പ്രതിനിധികളുടെയും യോഗം ചേരുക. ഓരോ പ്രദേശത്തെയും (വാർഡുകൾ/കേന്ദ്രങ്ങൾ) കുട്ടികളെയും രക്ഷിതാക്കളെയും തിരിച്ച് ലിസ്റ്റ് തയ്യാറാക്കുക. ഒപ്പം ആ പ്രദേശത്തെ വിഭവവ്യക്തികളെ (Resource Persons) കണ്ടെത്തുക. | ജൂൺ | ഹെഡ്മാസ്റ്റർ,പി.ടി.എ (PTA) പ്രസിഡന്റ്, സ്റ്റാഫ് കൗൺസിൽ. |
| മുതിർന്നവരുടെയും വിവിധ മേഖലകളിലെ വിദഗ്ധരുടെയും (നാടൻ കലകൾ, കൃഷി, കരകൗശലം, ശാസ്ത്രം, കഥപറച്ചിൽ | **അറിവരങ്ങ്** കണ്ടെത്തിയ കേന്ദ്രങ്ങളിൽ 'സർഗക്കൂടാരം' ഉപസമിതികൾ രൂപീകരിക്കുക. ഒരു അധ്യാപകനും, രണ്ട് രക്ഷിതാക്കളും അടങ്ങുന്ന കമ്മിറ്റി ഇതിന് നേതൃത്വം നൽകും | ജൂൺ (അവസാന വാരം) | ക്ലാസ് അധ്യാപകർ, മദർ പി.ടി.എ, വാർഡ് മെമ്പർമാർ. |

| | | | |
|---|---|---|---|
| തുടങ്ങിയവ)<br><br>അറിവുകൾ<br>കുട്ടികൾക്ക്<br>പകർന്നുനൽകുക.<br>രക്ഷിതാക്കളെയും<br>നാട്ടുകാരെയും<br>വിദ്യാലയ<br>പ്രവർത്തനങ്ങളുടെ<br>ഭാഗമാക്കി മാറ്റി<br>മികച്ച ഒരു<br>സാമൂഹിക-<br>വിദ്യാഭ്യാസ<br>അന്തരീക്ഷം<br><br>സൃഷ്ടിക്കുക. | നാട്ടിലെ മുതിർന്നവർ, കർഷകർ, കലാകാരന്മാർ<br><br>എന്നിവർ കുട്ടികൾക്ക് നാടൻ പാട്ടുകൾ, കൃഷിപാഠങ്ങൾ, കരകൗശല നിർമ്മാണം, നാടകം എന്നിവ പരിചയപ്പെടുത്തുന്ന കളരികൾ<br>**കുട്ടിപ്പുര**<br>കുട്ടികൾക്ക് അവരുടെ കഴിവുകൾ (കഥ, കവിത, ചിത്രരചന, മാജിക്,<br><br>പ്രസംഗം)<br>മാതാപിതാക്കളുടെയും നാട്ടുകാരുടെയും മുന്നിൽ<br><br>അവതരിപ്പിക്കാനുള്ള വേദികൾ അതത് പ്രദേശങ്ങളിൽ ഒരുക്കൽ. | ജൂലൈ മുതൽ<br><br>ഒക്ടോബർ വരെ(മാസത്തിൽ രണ്ട് ശനിയാഴ്ചകളിൽ)<br><br>ആഗസ്റ്റ്, സെപ്റ്റംബർ (വിശേഷ ദിവസങ്ങളിൽ) | വിഭവവ്യക്തികൾ,<br>കോ-ഓർഡിനേറ്റർമാർ,<br>ക്ലബ്ബ് ഭാരവാഹികൾ.<br><br>കൂടാര സമിതി അംഗങ്ങൾ,<br>വിദ്യാർത്ഥി പ്രതിനിധികൾ. |
| കുട്ടികളുടെ അവധിക്കാലങ്ങളും വൈകുന്നേരങ്ങളും കൂടുതൽ സർഗാത്മകവും ആനന്ദദായകവുമാക്കുക | **നാട്ടുപച്ച**<br>കുട്ടികളെ പ്രാദേശികമായ ചരിത്രയിടങ്ങൾ, കൃഷിയിടങ്ങൾ, കൈത്തറിശാലകൾ എന്നിവ സന്ദർശിച്ച് പ്രകൃതിയെയും തൊഴിലിനെയും കുറിച്ച് പഠിപ്പിക്കുക.<br><br>എല്ലാ പ്രദേശങ്ങളിലെയും സർഗക്കൂടാരങ്ങളിലെ മികച്ച സർഗസൃഷ്ടികളും പ്രകടനങ്ങളും ഉൾപ്പെടുത്തി സ്കൂളിൽ വെച്ച് നടത്തുന്ന 2 ദിവസത്തെ വിപുലമായ | ഒക്ടോബർ - നവംബർ<br><br>ജനുവരി<br>(രണ്ടാം വാരം) | വിദ്യാലയ വികസന സമിതി (SMC), പരിസ്ഥിതി ക്ലബ്ബ്.<br><br>സ്വാഗതസംഘം, അധ്യാപകർ, പി.ടി.എ, പൂർവ്വവിദ്യാർത്ഥി സംഘടന. |

| | | | |
|---|---|---|---|
| | പ്രദർശനവും കലാമേളയും | | |

## അക്ഷരക്കൂട്

- കുട്ടികളിൽ വായന ഒരു നിത്യജീവിത ശീലമാക്കി മാറ്റുകയും ഭാഷാവികസനം ഉറപ്പാക്കുകയും ചെയ്യുക.
- അധ്യാപകരും കുട്ടികളും ഒന്നിച്ച് വായിക്കുന്നതിലൂടെ മികച്ചൊരു വായനാ അന്തരീക്ഷം വിദ്യാലയത്തിൽ സൃഷ്ടിക്കുക.
- കുട്ടികൾക്ക് സ്വന്തം താല്പര്യപ്രകാരം പുസ്തകങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകി വായന ആനന്ദദായകമാക്കുക.
- ക്ലാസ്സ് ഇടവേളകൾ, പ്രോക്സി പീരിയഡുകൾ, മറ്റ് ഒഴിവുസമയങ്ങൾ എന്നിവ വായനയ്ക്കായി ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

| | | | |
|---|---|---|---|
| പദ്ധതി രൂപീകരണവും പുസ്തക ശേഖരണവും | ”അക്ഷരക്കൂട്” പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം. ക്ലാസ്സ് ലൈബ്രറികൾ കൂടുതൽ സജീവമാക്കാൻ കുട്ടികളുടെ താല്പര്യങ്ങൾക്കനുസര ിച്ചുള്ള പുസ്തകങ്ങൾ (ചിത്രകഥകൾ, നാടോടിക്കഥകൾ, ലഘു ജീവചരിത്രങ്ങൾ) തരംതിരിക്കുക. | ജൂൺ (ആദ്യ വാരം) | ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ, സ്കൂൾ ലൈബ്രേറിയൻ, ക്ലാസ് അധ്യാപകർ. |
| **കൂട്ടുവായന’** (അധ്യാപകരും കുട്ടികളും ഒന്നിച്ച്) | ’ആഴ്ചയിൽ ഒരു നിശ്ചിത സമയം (ഉദാഹരണത്തിന് ശനിയാഴ്ചകളിലെ ആദ്യ പീരിയഡ് അല്ലെങ്കിൽ ദിവസേനയുള്ള | ജൂൺ മുതൽ മാർച്ച് വരെ (തുടർച്ചയായി | എല്ലാ അധ്യാപകരും വിദ്യാർത്ഥികളും. |

| | | | |
|---|---|---|---|
| | വായനാ സമയം)<br>അധ്യാപകരും<br><br>കുട്ടികളും<br>ഒരുമിച്ചിരുന്ന്<br>ഇഷ്ടമുള്ള<br>പുസ്തകങ്ങൾ<br>വായിക്കുന്നു.) | | |
| വായനാ<br>വാരാചരണം &<br>പുസ്തകച്ചങ്ങാതി | വായനാവാരത്തോട<br>നുബന്ധിച്ച് (ജൂൺ<br>19) പുസ്തക പരിചയം,<br>വായനാ മത്സരം,<br>വായനക്കുറിപ്പ്<br>തയ്യാറാക്കൽ<br>എന്നിവ<br>സംഘടിപ്പിക്കുക.<br>കൂടുതൽ പുസ്തകം<br>വായിക്കുന്ന കുട്ടിയെ<br>'പുസ്തകച്ചങ്ങാതി'യാ<br>യി പ്രഖ്യാപിക്കുക. | ജൂൺ 19 - 25 | ഭാഷാ അധ്യാപകർ,<br>സ്കൂൾ ലീഡർ. |
| എന്റെ പുസ്തകക്കൂട്<br>(വായനക്കുറിപ്പ്<br>ശേഖരം) | കുട്ടികൾ<br>വായിക്കുന്ന<br>പുസ്തകങ്ങളെക്കുറിച്ച്<br>ലളിതമായ<br>വായനക്കുറിപ്പുകൾ<br>എഴുതാൻ ഒരു<br>പ്രത്യേക ഡയറി<br>നൽകുക.<br>മാസാവസാനം<br>മികച്ച<br>വായനക്കുറിപ്പുകൾ<br>ക്ലാസ്സിൽ<br>പ്രദർശിപ്പിക്കുക | എല്ലാ മാസവും<br>(അവസാന വാരം) | ക്ലാസ് അധ്യാപകർ,<br>മദർ പി.ടി.എ. |

| | | | |
|---|---|---|---|
| അക്ഷരക്കൂട് പുരസ്കാരവും അവലോകനവും | വർഷാവസാനം ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികളെയും മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കിയ ക്ലാസ്സിനെയും കണ്ടെത്തി അവാർഡുകൾ നൽകുക | മാർച്ച് (ആദ്യ വാരം) | സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC), പി.ടി.എ. |

## ശുചിമുദ്ര

- സ്കൂൾ ശുചിമുറികൾ എപ്പോഴും വൃത്തിയായും സുരക്ഷിതമായും സൂക്ഷിക്കുക വഴി കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക.
- സ്കൂളിലെ മദർ പി.ടി.എ (Mother PTA) അംഗങ്ങൾക്ക് സ്വയംതൊഴിൽ പരിശീലനത്തിന്റെ ഭാഗമായി ഫിനോയിൽ, ഹാൻഡ്‌വാഷ്, സോപ്പ് എന്നിവ നിർമ്മിക്കാൻ പ്രായോഗിക ജ്ഞാനം നൽകുക.
- കുട്ടികളിൽ ഉത്പാദന പ്രക്രിയയെക്കുറിച്ചുള്ള ശാസ്ത്രീയ ധാരണയും, തൊഴിലിനോടുള്ള ആദരവും വളർത്തുക.
- കുറഞ്ഞ ചെലവിൽ വിദ്യാലയത്തിലേക്ക് ആവശ്യമുള്ള ഗുണനിലവാരമുള്ള ശുചിത്വ ഉത്പന്നങ്ങൾ സ്വയം നിർമ്മിച്ച് സ്കൂളിനെ സ്വയംപര്യാപ്തമാക്കുക
-

| | | | |
|---|---|---|---|
| ആസൂത്രണവും വിഭവ സമാഹരണവും | മദർ പി.ടി.എ, സ്റ്റാഫ് കൗൺസിൽ എന്നിവരുടെ സംയുക്ത യോഗം ചേരുക. ഉത്പന്ന നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കൾ (Raw materials) | ജൂൺ (രണ്ടാം വാരം) | ഹെഡ്മാസ്റ്റർ മദർ പി.ടി.എ പ്രസിഡന്റ്, പി.ടി.എ ട്രഷറർ. |

| | | | |
|---|---|---|---|
| | വാങ്ങുന്നതിനും വിദഗ്ധരായ പരിശീലകരെ കണ്ടെത്തുന്നതിനും ഫണ്ട്<br><br>കണ്ടെത്തുന്നതിനുമുള്ള ആസൂത്രണം നടത്തുക. | | |
| ഉത്പാദന ഘട്ടം (Production) | സ്കൂളിലെ ഒരു പ്രത്യേക മുറി ഇതിനായി മാറ്റി വെക്കുക. മാസത്തിൽ ഒന്നോ രണ്ടോ തവണ അമ്മമാർ സ്കൂളിൽ ഒത്തുചേർന്ന് സ്കൂൾ ശുചിമുറികളിലേക്ക് ആവശ്യമായ ഫിനോയിലും ഹാൻഡ്‌വാഷും നിർമ്മിച്ച് കുപ്പികളിലാക്കി സൂക്ഷിക്കുക.) | ജൂലൈ മുതൽ മാർച്ച് വരെ (മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ | മദർ പി.ടി.എ എക്സിക്യൂട്ടീവ് അംഗങ്ങൾ, ക്ലാസ് പി.ടി.എ പ്രതിനിധികൾ. |
| അമ്മക്കൂട്ടായ്മ' | '<br>ശുചിത്വ പരിപാലനംനിർമ്മിച്ച ഉത്പന്നങ്ങൾ ഉപയോഗിച്ച് വിദ്യാലയത്തിലെ ശുചിമുറികൾ | .ജൂൺ മുതൽ മാർച്ച് വരെ (തുടർച്ചയായി) | മദർ പി.ടി.എ, സ്കൂൾ ഹെൽത്ത് ഇൻസ്പെക്ടർ/ആരോഗ ്യ പ്രവർത്തകർ. |

| | | | |
|---|---|---|---|
| | കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുന്നുണ്ടെന്ന് അമ്മമാരുടെ നേതൃത്വത്തിലുള്ള ഒരു സമിതി ഉറപ്പുവരുത്തുക. കുട്ടികൾക്ക് ഹാൻഡ്‌വാഷ് ഉപയോഗിക്കേണ്ട കൃത്യമായ രീതി പറഞ്ഞു കൊടുക്കുക | | |
| കുട്ടി ശാസ്ത്രജ്ഞർ(പഠന പ്രക്രിയ) | ഉത്പന്ന നിർമ്മാണത്തിന് പിന്നിലെ ഗണിതം (ഉദാഹരണത്തിന്: എണ്ണ,വെള്ളം,രാസവസ്തുക്കൾ, ഇവയുടെ അനുപാതം) മറ്റ് ക്ലാസ്സുകളിലെ കുട്ടികൾക്ക് ലളിതമായി വിശദീകരിച്ചു നൽകാൻ ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ ചെറിയപ്രദർശനങ്ങൾഒരുക്കുക | ഒക്ടോബർ | സയൻസ് ,ഗണിത ക്ലബ്ബ് കൺവീനർ, ശാസ്ത്രാധ്യാപകർ. |
| അവലോകനവും വിപണന സാധ്യതയും | സ്കൂൾ തലത്തിൽ ഉത്പന്നങ്ങളുടെ ഗുണനിലവാരം വിലയിരുത്തുക. സ്കൂളിന്റെ ആവശ്യം | ജനുവരി - ഫെബ്രുവരി | വിദ്യാലയ വികസന സമിതി (SMC), സ്കൂൾ പാ |

| | | | |
|---|---|---|---|
| | കഴിഞ്ഞ് ബാക്കി വരുന്നവ സ്കൂൾ വിപണി വഴിയോ പിടിഎ വഴിയോ ലാഭേച്ഛയില്ലാതെരക്ഷിതാക്കൾക്ക് വിതരണം ചെയ്യുക. | | |

## സ്മാർട്ട് മോം

- വിദ്യാലയത്തിന്റെ ദൈനംദിന മുന്നേറ്റത്തിലും ഡിജിറ്റൽ പരിപാടികളിലും അമ്മമാരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.
- സ്മാർട്ട് ഫോൺ, കമ്പ്യൂട്ടർ, സോഷ്യൽ മീഡിയ എന്നിവയിൽ അറിവുള്ള അമ്മമാരുടെ സാങ്കേതിക വൈദഗ്ധ്യം (Technical Skills) സ്കൂൾ വികസനത്തിനായി പ്രയോജനപ്പെടുത്തുക.
- സാങ്കേതികവിദ്യയിൽ പിന്നോക്കം നിൽക്കുന്ന മറ്റ് അമ്മമാർക്ക് ഡിജിറ്റൽ സാക്ഷരത നൽകാൻ ഇവരെ പ്രാപ്തരാക്കുക.

| | | | |
|---|---|---|---|
| അമ്മമാരുടെ ഡിജിറ്റൽ പ്രൊഫൈലിംഗ് | സ്കൂളിലെ അമ്മമാരിൽ കമ്പ്യൂട്ടർ, ഡിസൈനിംഗ്, സോഷ്യൽ മീഡിയ മാനേജ്മെന്റ്, ഓൺലൈൻ ബാങ്കിംഗ് എന്നിവ അറിയുന്ന 'ഡിജിറ്റൽ സ്മാർട്ട്' അമ്മമാരെ കണ്ടെത്തി ഒരു പ്രത്യേക ലിസ്റ്റ്/ഗ്രൂപ്പ് തയ്യാറാക്കുക. | •<br>ജൂൺ (രണ്ടാം വാരം) | മദർ പി.ടി.എ എക്സിക്യൂട്ടീവ്, ക്ലാസ് അധ്യാപകർ |
| സ്മാർട്ട് കണ്ടന്റ് ക്രിയേഷൻ' (പോസ്റ്റർ & വീഡിയോ നിർമ്മാണം | വാർത്താ നേരം' (Digital News Bulletins | സ്കൂളിൽ നടക്കുന്ന മികച്ച പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് സ്മാർട്ട് മോം കൂട്ടായ്മയുടെ | എല്ലാ മാസവും (അവസാന വാരം |

| | | | |
|---|---|---|---|
| | | നേതൃത്വത്തിൽ പ്രതിമാസ ഡിജിറ്റൽ<br><br>ന്യൂസ് ചാനൽ അല്ലെങ്കിൽ വോയ്സ് ബുള്ളറ്റിൻ<br><br>രൂപീകരിച്ച് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുക.) | |
| ഡിജിറ്റൽ സാക്ഷരതാ ക്ലാസ്സുകൾ (Digital Literacy | അറിവുള്ള അമ്മമാരുടെ നേതൃത്വത്തിൽ സ്കൂളിലെ മറ്റ് അമ്മമാർക്ക് ഓൺലൈൻ ബാങ്കിംഗ്, സൈബർ സുരക്ഷ, കുട്ടികളുടെ മൊബൈൽ ഉപയോഗം നിയന്ത്രിക്കൽ (Parental Control) എന്നിവയിൽ പരിശീലനം നൽകുക. | സെപ്റ്റംബർ, ഒക്ടോബർ (ശനിയാഴ്ചകളിൽ) | വിദ്യാലയ വികസന സമിതി (SMC), മദർ പി.ടി.എ. |
| സ്മാർട്ട് മോം കോൺക്ലേവ് & അവാർഡ് | വർഷാവസാനം സ്കൂളിന്റെ ഡിജിറ്റൽ മുന്നേറ്റത്തിന് ഏറ്റവും കൂടുതൽ സഹായിച്ച അമ്മമാരെ ആദരിക്കുകയും, പദ്ധതിയുടെ അവലോകനം നടത്തുകയും ചെയ്യുക. | ഫെബ്രുവരി - മാർച്ച് | ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ, പി.ടി.എ പ്രസിഡന്റ്. |

## പ്രതിമാസ അക്കാദമിക് കലണ്ടർ: ജൂൺ - മാർച്ച് (Monthly Calendar)

| | | |
|---|---|---|
| ജൂൺ | പ്രവേശനോത്സവം, ബേസ്‌ലൈൻ അസ്സസ്മെന്റ് (Baseline test), കുട്ടികളുടെ നിലവാരം കണ്ടെത്തൽ. | ക്ലാസ്സ് ടീച്ചർമാർ। |
| ജൂലൈ | വിദ്യാലയ പാർലമെന്റ്, എൽ.എസ്.എസ് (LSS) പ്രത്യേക കോച്ചിംഗ് ആരംഭം, ടാലന്റ് ഗ്രൂപ്പ് രൂപീകരണം. | SRG കൺവീനർ |
| ഓഗസ്റ്റ് | സ്വാതന്ത്ര്യദിന ക്വിസ്, ആദ്യ ടേം മൂല്യനിർണ്ണയം, ഒണം അക്കാദമിക് പ്ലാനിംഗ്. സർഗക്കൂടാരം | അധ്യാപകർ |
| സെപ്റ്റംബർ | സബ് ജില്ലാ മേളകൾക്കായുള്ള (കലാ-കായിക-ശാസ്ത്ര) പ്രതിഭകളെ കണ്ടെത്തലും പരിശീലനവും. സർഗക്കൂടാരം। | കൺവീനർമാർ |
| ഒക്ടോബർ | ഉപജില്ലാ മേളകളിലെ പങ്കാളിത്തം ഉറപ്പാക്കൽ, ഐ.ടി ലാബ് അധിഷ്ഠിത ക്വിസ് മത്സരങ്ങൾ, സർഗക്കൂടാരം | HM / അധ്യാപകർ। |
| നവംബർ | രണ്ടാം ഘട്ട വായനാ പരിശോധന, ശിശുദിനാഘോഷം, ക്ലാസ്സ് മാഗസിൻ പ്രകാശനം., സർഗക്കൂടാരം | ക്ലാസ്സ് ടീച്ചർമാർ |
| ഡിസംബർ | രണ്ടാം ടേം പരീക്ഷ, ഹരിതവിദ്യാലയ വാർഷിക അനുസ്മരണവും പരിസ്ഥിതി ക്യാമ്പും | HM / PTA |
| ജനവരി | LSS മോക്ക് പരീക്ഷകൾ, വാർഷിക ടൂറുമായി ബന്ധപ്പെട്ട അക്കാദമിക് റിപ്പോർട്ട് തയ്യാറാക്കൽ. സർഗക്കൂടാരം | SRG കൺവീനർ |
| ഫെബ്രുവരി | ക്കം, ലൈബ്രറി മികച്ച വായനക്കാരെ കണ്ടെത്തൽ, സയൻസ് എക്സിബിഷൻ.സർഗക്കൂടാരം | എല്ലാ അധ്യാപകരും। |
| മാർച്ച് | വാർഷിക മൂല്യനിർണ്ണയം, പ്രോഗ്രസ്സ് കാർഡ് വിതരണം, അക്കാദമിക് ഓഡിറ്റിംഗ് | HM / SRG। |

## പഠനപിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള പദ്ധതി (Remedial Teaching Plan)

- ➢ പ്രാഥമിക വിലയിരുത്തലും ഗ്രൂപ്പിങ്ങും (Screening & Grouping)
- ➢ ബേസ്‌ലൈൻ അസസ്‌മെന്റ്: കുട്ടികൾക്ക് നിലവിൽ എഴുത്ത്, വായന, അടിസ്ഥാന ഗണിതം എന്നിവയിലുള്ള അറിവ് പരിശോധിക്കാൻ ലളിതമായ ഒരു വിലയിരുത്തൽ നടത്തുക.
- ➢ തരംതിരിക്കൽ: പഠന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുക (അക്ഷരങ്ങൾ അറിയാത്തവർ, കൂട്ടിവായിക്കാൻ ബുദ്ധിമുട്ടുന്നവർ, ഗണിതക്രിയകൾ അറിയാത്തവർ എന്നിങ്ങനെ)..
- ➢ സീറോ അവർ (Zero Hour): ദിവസവും രാവിലെ 9:30 മുതൽ 10:00 വരെയോ വൈകുന്നേരം 3:30 മുതൽ 4:00 വരെയോ ഉള്ള സമയം ഇവരുടെ വായനയും എഴുത്തും മെച്ചപ്പെടുത്താൻ മാറ്റിവെക്കുക.
- ➢ പിയർ ട്യൂട്ടറിംഗ് (Peer Tutoring): ക്ലാസ്സിലെ പഠന മികവ് പുലർത്തുന്ന കുട്ടികളെ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ 'പഠന കൂട്ടുകാരൻ/കൂട്ടുകാരി' ആയി നിശ്ചയിക്കുക..
- ➢ അടിസ്ഥാന വായന, എഴുത്ത്, ഗണിത വികസന പദ്ധതമലയാളം തിളക്കം:
- ➢ അക്ഷരമാല ബോധനത്തിനായി പ്രത്യേക വർക്ക് ഷീറ്റുകൾ നിർമ്മിച്ച് നൽകും.
- ➢ Word Wall: ഇംഗ്ലീഷ് വാക്കുകൾ ചുവരുകളിൽ വലിയ അക്ഷരത്തിൽ പ്രദർശിപ്പിക്കും.
- ➢ ലളിതമായ എ.ഐ (AI) ടൂളുകൾ: അധ്യാപകർ ചാറ്റ് ജി.പി.ടി (ChatGPT) പോലെയുള്ള എ.ഐ ടൂളുകൾ ഉപയോഗിച്ച് കുട്ടികൾക്കായി വൈവിധ്യമാർന്ന ചിത്ര കഥകളും വർക്ക് ഷീറ്റുകളും ക്വിസുകളും നിർമ്മിക്കും.
- ➢ സ്മാർട്ട് ബോർഡ് വിനിയോഗം: എല്ലാ ആഴ്ചയിലും കുറഞ്ഞത് രണ്ട് പിരീഡുകൾ സ്മാർട്ട്  ക്ലാസ് റൂമിൽ ഉറപ്പാക്കും
- ➢ ഡിജിറ്റൽ സ്റ്റോറി ടെല്ലിംഗ്: കൈറ്റ് (KITE) വിക്ടേഴ്സ് ഡിജിറ്റൽ ഉള്ളടക്കങ്ങളും അനിമേഷൻ ഫിലിമുകളും ആഴ്ചയിലൊരിക്കൽ പ്രദർശിപ്പിക്കും.

## ➢ മൂല്യനിർണ്ണയ പദ്ധതി (Assessment and Evaluation Plan)

- ➢ യൂണിറ്റ് ടെസ്റ്റുകൾ കൃത്യമായ ഇടവേളകളിൽ നടത്തും.

- കുട്ടികളുടെ പഠന പുരോഗതി വിലയിരുത്താൻ 'പോർട്ട്ഫോളിയോ' (Portfolio) സൂക്ഷിക്കും.
- ടേം പരീക്ഷകൾക്ക് ശേഷം ഉത്തരം എഴുതുന്നതിൽ വരുത്തിയ പിഴവുകൾ ക്ലാസ്സ് അടിസ്ഥാനത്തിൽ വിശകലനം ചെയ്യും.

## അധ്യാപക പിന്തുണയും പരിശീലനവും (Teacher Support & Training)

- ***SRG യോഗങ്ങൾ:*** എല്ലാ മാസവും ആദ്യ ആഴ്ചയിൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG) യോഗം ചേർന്ന് അക്കാദമിക് അവലോകനം നടത്തും.
- ***IT പാഠശാല:*** അധ്യാപകർക്കായി പ്രത്യേക ഐ.ടി / എ.ഐ ടൂൾ പരിശീലന ക്ലാസ്സുകൾ പ്രാദേശിക വിഭവസ്രോതസ്സുകളെ ഉപയോഗിച്ച് സ്കൂളിൽ സംഘടിപ്പിക്കും. 13. രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം (Parent & Community Involvement)
- ***മാതൃസംഗമം:*** കുട്ടികളുടെ വായനാ പുരോഗതി വീട്ടിൽ വിലയിരുത്താൻ അമ്മമാർക്ക് പ്രത്യേക പരിശീലനം.
- ***Ward-level Monitoring*** വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ കുട്ടികളുടെ പഠന അന്തരീക്ഷം മെച്ചപ്പെടുത്തുക.
- ***ഹരിത വിദ്യാലയ സദസ്സ്:*** സ്കൂളിന്റെ പരിസ്ഥിതി സൗഹൃദ നേട്ടങ്ങൾ നിലനിർത്താൻ നാട്ടുകാരുടെ പങ്കാളിത്തത്തോടെയുള്ള വികസന സമിതി രൂപീകരണം.

## മോണിറ്ററിംഗ് സംവിധാനം (Monitoring and Review System)

- ***പ്രധാനധ്യാപകൻ (HM):*** എല്ലാ ദിവസവും ക്ലാസ്സ് റൂം സന്ദർശനം നടത്തുകയും അധ്യാപകരുടെ പ്ലാനുകൾ ഒപ്പിടുകയും ചെയ്യും.
- ***SRG വിലയിരുത്തൽ:*** കുട്ടികളുടെ പ്രതിമാസ പുരോഗതി റെക്കോർഡുകൾ SRG സൂക്ഷ്മമായി പരിശോധിക്കും.
- ***PTA / SMC സന്ദർശനം:*** മാസത്തിലൊരിക്കൽ പി.ടി.എ ഭാരവാഹികൾ വിദ്യാലയത്തിലെത്തി അക്കാദമിക് പുരോഗതി വിലയിരുത്തും.

## പ്രതീക്ഷിക്കുന്ന ഫലങ്ങൾ (Expected Outcomes)

- വർഷാവസാനത്തോടെ വിദ്യാലയത്തിലെ എല്ലാ കുട്ടികളും വായനയിലും എഴുത്തിലും 100% മികവ് കൈവരിക്കും.

- എൽ.എസ്.എസ് (LSS) പരീക്ഷയിൽ സ്കൂളിന്റെ മുൻകാല റെക്കോർഡുകൾ തിരുത്തും.
- സബ് ജില്ലാ ശാസ്ത്ര, കലാ, കായിക മേളകളിൽ ചാമ്പ്യൻഷിപ്പ് നിലനിർത്തും.
- ഹരിതവിദ്യാലയ മാതൃകയിൽ മികവുറ്റ ഒരു ആധുനിക അക്കാദമിക് അന്തരീക്ഷം വിദ്യാലയത്തിൽ നിലവിൽ വരും.
- കുട്ടികളുടെ സ്വന്തം കവിതകൾ, കഥകൾ, ചിത്രങ്ങൾ എന്നിവ ക്രോഡീകരിച്ച് വിദ്യാലയത്തിൽ കൈയെഴുത്തുപ്രതികളും കുട്ടിപ്പുസ്തകങ്ങളും പുറത്തിറക്കാൻ സാധിക്കുന്നത് അവരുടെ ആത്മവിശ്വാസം കൂട്ടും.
- സർഗക്കൂടാരം പദ്ധതിയിലൂടെ അഭിനയം, നൃത്തം, സംഗീതം, കരകൗശല നിർമ്മാണം എന്നിവയിൽ കുട്ടികൾക്ക് കൃത്യമായ പരിശീലനം ലഭിക്കുന്നതിലൂടെ അവരുടെ സ്റ്റേജ് ഭയം മാറുകയും പൊതുവേദികളിൽ മികവ് പുലർത്തുകയും ചെയ്യുന്നു.
- വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുന്നതിലൂടെ കുട്ടികളിൽ പടർന്നുപിടിക്കുന്ന പകർച്ചവ്യാധികളെ ഒരു പരിധി വരെ തടയാനും സ്കൂളിലെ ഹാജർ നില വർദ്ധിപ്പിക്കാനും സാധിക്കും
- പി.ടി.എ (PTA) പ്രവർത്തനങ്ങളുടെ ശക്തിപ്പെടൽ: സ്കൂൾ വാർഷികങ്ങൾ, കലോത്സവങ്ങൾ, മറ്റ് പ്രത്യേക ദിനാചരണങ്ങൾ എന്നിവയിൽ 'സ്മാർട്ട് മോം' കൂട്ടായ്മയുടെ സഹകരണം പരിപാടികളുടെ വലിയ വിജയത്തിന് കാരണമാകും.